<u>15 -ാം കേരള നിയമസഭ</u>

<u>5 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3663</u> <u>14-07-2022 - ൽ മറുപടിയ്ക്ക്</u>

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ മൃഗസംരക്ഷണ ക്ഷീരവികസന പദ്ധതികൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ,ക്ഷീരവികസന വകുപ്പുകൾ നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | <u>മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ</u><br>1. വീട്ടുപടിക്കൽ രാത്രികാല അടിയന്തിര മൃഗചികിത്സാ സേവനം<br>2. കന്നുകാലികളും മറ്റ് വളർത്തുമൃഗങ്ങളും മരണപ്പെട്ടതിന് ധനസഹായം<br>3. ഗോസമൃദ്ധി - കന്നുകാലികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ<br>4. ഗോവർദ്ധിനി കാലിത്തീറ്റ വിതരണം<br>5. കന്നുക്കുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി കാലിത്തീറ്റ വിതരണം<br>6. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പരിശീലന പരിപാടി<br>7. Bio Waste to Manure എന്ന പദ്ധതി<br>8. താറാവ് വളർത്തൽ പദ്ധതി<br>9. ആട് വളർത്തൽ പദ്ധതി (6 ആടുകൾ)<br>10. വന്ധ്യത നിവാരണ ക്യാമ്പ് നടത്തുന്ന പദ്ധതി<br>11. വ്യാവസായികാടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി (20 ആടുകൾ)<br>12. പോത്തുക്കുട്ടി വളർത്തൽ പദ്ധതി<br>13. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതിയുടെ ഭാഗമായി ആട് വളർത്തൽ പദ്ധതി (10 ആടുകൾ)<br>14. മൃഗസംരക്ഷണ മേഖലയിൽ എടുത്തിട്ടുള്ള വായ്പകളുടെ പലിശ ഇനത്തിൽ ഒരുവർഷം പരമാവധി 5,000/- രൂപ നല്കുന്ന പദ്ധതി.<br><br><u>ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ</u><br><br>കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ ഈ സാമ്പത്തിക വർഷം തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പിലാക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ച് തുടർ നടപടികൾ നടന്നുവരുന്നു. വകുപ്പിന്റെ മറ്റ് പദ്ധതികളായ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് |

| | | | |
|---|---|---|---|
| | | | പദ്ധതി ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം എന്നിവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ? | (ബി) | മൃഗസംരക്ഷണ വകുപ്പിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു.<br>1. വീട്ടുപടിക്കൽ രാത്രികാല മൃഗചികിത്സാ സേവനം നിലവിൽ ജില്ലയിലെ എല്ലാ ബ്ലോക്കുകളിലും നടത്തി വരുന്നു.<br>2. വന്ധ്യത നിവാരണ ക്യാമ്പ് നടത്തുന്നതിനാവശ്യമായി തുക അനുവദിച്ചിട്ടുണ്ട്.<br>3. മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രാഥമിക നടപടികൾ നടന്നുവരുകയാണ്.<br>ക്ഷീര വികസന വകുപ്പിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ലക്ഷ്യമിട്ട പദ്ധതികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തീറ്റപ്പുൽ കൃഷി പദ്ധതി നടപ്പാക്കുന്നതിനായുള്ള അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ